₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 10
Issue 11

**May 2022**

pages 24

"എനിക്കു ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷെക്കു ആക്കിയതു കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു. മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു. എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാകകൊണ്ട് എനിക്കു കരുണ ലഭിച്ചു"

**(1 തിമൊഥെയൊസ് 1:12,13)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 10 Issue 11 May 2022 pages 24 Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാ ങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


**Book No. 125**

## ഉള്ളടക്കം


| | പേജ് |
|---|---|
| • ഏകീകൃത കുർബ്ബാന | 3 |
| • പ്രതികരണങ്ങൾ | 6 |
| • ദൈവത്തിന്റെ വിശ്വസ്തത (1) | 8 |
| • പുതിയനിയമത്തിലൂടെ....(29) | 11 |
| • സദുപയോഗവും.... (7) | 14 |
| • ഹബക്കൂക് (3) | 16 |
| • വിപത്ത് (ചെറുകഥ) | 19 |
| • ... ബൈബിൾവായന (20) | 22 |
| • ഇരുട്ടിലേക്ക് രാജ്യം | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഏകീകൃത കുർബ്ബാന!

സീറോമലബാർസഭയിൽ ഏകീകൃത കുർബ്ബാനയുടെ പേരും പറഞ്ഞ് വിശ്വാസികൾ തമ്മലടിക്കുകയും പോർവിളി മുഴക്കുകയും ചെയ്യുന്നതിന്റെ വാർത്തകളാണ് ഈയിടെ നാം കേൾക്കുന്നത്. എന്താണ് ഏകീകൃത കുർബ്ബാന? ഇത് അറിയാവുന്ന എത്ര വിശ്വാസികളുണ്ടെന്നു അറിഞ്ഞുകൂടാ. ജനത്തിനുനേരെ തിരിഞ്ഞുനിന്നുകൊണ്ട് അർപ്പിച്ചിരുന്ന കുർബ്ബാന ഇനി അൾത്താരയിലേക്ക് തിരിഞ്ഞുകൊണ്ട് അർപ്പിക്കണമത്രേ! അതിന്? അതിന് എന്താണ് പ്രശ്നം? വിഗ്രഹങ്ങൾ ഉള്ളിടത്തേക്ക് തിരിഞ്ഞുനിന്നുകൊണ്ടു തന്നെയല്ലേ പ്രാർത്ഥിക്കേണ്ടത്?

പള്ളിക്കാർ പലപ്പോഴും മാതൃകയാക്കുന്നത് അമ്പലക്കാരെയാണ്. അവരുടെ മണി, വെടി, നിലവിളക്ക് ഇതെല്ലാം പള്ളിക്കാർ കോപ്പിയടിച്ചുകഴിഞ്ഞു. അങ്ങനെയാണെങ്കിൽ ഇതും അവരെ കണ്ടു പഠിക്കൂ. അവർ വിഗ്രഹങ്ങൾക്ക് അഭിമുഖമായി നിന്നല്ലേ പ്രാർത്ഥനകളും ജപങ്ങളും നടത്തുന്നത്? ജനത്തിനു നേരെ തിരിഞ്ഞ് കുർബ്ബാന നടത്തണോ അതോ വിഗ്രഹങ്ങൾക്ക് നേരെ തിരിഞ്ഞ് കുർബ്ബാന നടത്തണോ എന്നതിനെച്ചൊല്ലി ഒരു ചോരചൊരിച്ചിൽ ഈ പ്രബുദ്ധകേരളത്തിൽ ആവശ്യമുണ്ടോ?

**ബൈബിളെന്തു പറയുന്നു?**

ഏകീകൃത കുർബ്ബാനയുടെ പേരും പറഞ്ഞ് തമ്മിലടിക്കുന്ന വിശ്വാസികളേ, ഇക്കാര്യത്തെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നിങ്ങളിലാരെങ്കിലും ചിന്തിച്ചുവോ? ക്രിസ്ത്യാനികളുടെ നിയമങ്ങൾ അടങ്ങിയ പുസ്തകമാണ് ബൈബിൾ. ക്രിസ്ത്യാനികൾ എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നെല്ലാം നാം മനസ്സിലാക്കേണ്ടത് ബൈബിളിൽനിന്നാണ്. ആ ബൈബിളിൽ ഈ ഏകീകൃത കുർബ്ബാനയെക്കുറിച്ച് എന്തു പറയുന്നു എന്നു പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം എടുക്കുകയും ചെയ്യാൻ സീറോമലബാർസഭയിലെ കുഞ്ഞാടുകളും അച്ചനാടുകളും ദയവു ചെയ്തു തയ്യാറാകണം. അപ്പോൾ തീരും നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും!

**ബൈബിളൊന്നും പറയുന്നില്ല!**

ഏകീകൃത കുർബ്ബാനയെക്കുറിച്ച് ബൈബിൾ യാതൊന്നും പറയുന്നില്ല. അപ്പോൾ ബൈബിളിൽ പറയാത്ത ഒരു കാര്യത്തിനുവേണ്ടിയാണ് കുഞ്ഞാടുകളും മെത്രാനാടുകളും സാധാ അച്ചനാടുകളും തമ്മിൽ യുദ്ധ സമാനമായ അന്തരീക്ഷം സഭയിൽ ഉണ്ടാക്കിയെടുത്തിരിക്കുന്നത്! വേറെ യാതൊരു പണിയും ഇല്ലെന്നർത്ഥം. പ്രിയമുള്ളവരേ നാം ചെയ്യാനായി പറഞ്ഞിരിക്കുന്ന ധാരാളം കാര്യങ്ങൾ ബൈബിളിൽ ഉണ്ടായിരിക്കെ, അതിനെക്കുറിച്ചൊന്നും ചിന്തിക്കാതെ, ബൈബിളിൽ പറയാത്ത ഒരു കാര്യത്തിനു വേണ്ടി ഇത്ര ആവേശം കാണിക്കേണ്ട കാര്യമുണ്ടോ?

**കുർബ്ബാനയല്ല, അപ്പംനുറുക്കലാണ്**

അച്ചന്മാർ കുർബ്ബാന നടത്തുന്ന പരിപാടി ബൈബിളിലില്ല. ആദിമസഭയിൽ കുർബ്ബാന എന്നൊരു കാര്യം തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ കുർബ്ബാനയുടെ മദ്ധ്യേ ഇവർ ചൊല്ലുന്ന വാക്യങ്ങളും മറ്റും കേട്ടാൽ അവയിൽ പലതും ബൈബിളിൽ ഉള്ളതാണ് താനും. അപ്പം എടുത്തു വാഴ്ത്തിയതും, കാസായെടുത്തതും എല്ലാം ഇവർ പറയുന്നുണ്ട്. ഇതിനെ ബൈബിളിൽ കുർബ്ബാനയെന്നല്ല പറയുന്നത്. പിന്നെയോ അപ്പം നുറുക്കൽ (അപ്പൊ. പ്രവൃ.20:7) എന്നും, കർത്തൃമേശ (1 കൊരിന്ത്യർ 10:21) എന്നും, കർത്താവിന്റെ അത്താഴം (1 കൊരിന്ത്യർ 11:20) എന്നുമൊക്കെയാണ്.

അപ്പവും വീഞ്ഞും ഉപയോഗിച്ചുള്ള ശുശ്രൂഷയ്ക്ക് മേല്പറഞ്ഞ മൂന്നു വ്യത്യസ്ത പേരുകൾ ബൈബിളിൽ ഉപയോഗിച്ചിട്ടുള്ളപ്പോൾ അതൊന്നും പറയാതെ കുർബ്ബാന എന്നു പറയുന്നത് തികഞ്ഞ അഹന്തയാണ്. ബൈബിളിൽ പറഞ്ഞിട്ടുള്ള പേരുകൾ ഞങ്ങൾ പറയില്ലെന്നും ഞങ്ങൾ തീരുമാനിച്ച പേരു മാത്രമേ പറയൂ എന്നുമുള്ള അഹന്ത. ഈ അഹന്തയുടെ ഉപോത്പന്നമാണ് ഏകീകൃത കുർബ്ബാനയുടെ പേരിൽ നടക്കുന്ന വാഗ്വാദങ്ങളും ഗുസ്തിയും അസഭ്യവർഷവും.

**ബൈബിളിലില്ലാത്തത് കുർബ്ബാന മാത്രമല്ല**

കുർബ്ബാന അർപ്പിക്കുന്ന ഈ അച്ചന്മാർ എന്നൊരു വിഭാഗവും ബൈബിളിൽ ഇല്ല! പള്ളിക്കാരുടെ പക്കൽ ബൈബിൾ ഇല്ലേ? തുറന്നു വായിച്ചു നോക്കൂ. അച്ചന്മാർ എന്നൊരു കൂട്ടം ബൈബിളിൽ ഇല്ല. പുരോഹിതന്മാരെക്കുറിച്ച് പുതിയ നിയമത്തിൽ പറയുന്നുണ്ടെങ്കിലും അത് പള്ളിക്കാരുടെ അച്ചന്മാരെക്കുറിച്ചല്ല. കർത്താവിൽ വിശ്വസിച്ച എല്ലാവരും പുതിയനിയമ പ്രകാരം പുരോഹിതന്മാരാണ് എന്നു വചനം പറയുന്നു (1 പത്രൊസ് 2:5; 2:9). പ്രത്യേക വേഷഭൂഷാദികളോടെ നടക്കുന്ന അച്ചന്മാരെ പള്ളികളിൽ കാണാൻ കഴിയും; പക്ഷേ പുതിയ നിയമത്തിൽ കാണാൻ കഴിയില്ല.

**ആദിമക്രിസ്ത്യാനികളെ അനുകരിക്കുക**

അപ്പൊസ്തലന്മാരായ പത്രൊസും പൗലൊസും എല്ലാം ഏതുവിധത്തിലാണ് ദൈവത്തെ ആരാധിച്ചുപോന്നത് എന്നത് നമുക്ക് ബൈബിളിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിയും. അവർക്ക് കുമ്പസാരവും കുർബ്ബാനയും അച്ചന്മാരും പെരുന്നാളും കുരിശും വിഗ്രഹങ്ങളും ഉണ്ടായിരുന്നില്ല. അന്നദ, കൊന്ത, വെന്തിങ്ങ, കതിനവെടി, പള്ളിമണി ഇതൊന്നും ഉണ്ടായിരുന്നില്ല. പിന്നെ ഇതെല്ലാം എന്നാണ് ഉണ്ടായത്? അപ്പൊസ്തലന്മാർ വച്ച മാതൃകയാണ് നാം അനുസരിക്കേണ്ടത്. അങ്ങനെയൊരു തീരുമാനം നാം എടുത്താൽ ഏകീകൃതകുർബ്ബാനയുടെ പേരിലുള്ള അടിയും വഴക്കും വക്കാണവും എല്ലാം മാറിക്കിട്ടും.

**ബൈബിളിന്റെ മഹത്വം മനസ്സിലാക്കുക**

നിരവധി ആളുകളിൽനിന്നും അറിവില്ലായ്മയുടെ അന്ധകാരം നീക്കിക്കളഞ്ഞിട്ടുള്ള മഹദ്ഗ്രന്ഥമാണ് ബൈബിൾ. ആളുകളെ ഇത്രയധികം സ്വാധീനിച്ചിട്ടുള്ള പുസ്തകം ലോകചരിത്രത്തിൽ വേറെയില്ല. മനുഷ്യനെ ആകമാനം മാറ്റിമറിക്കുന്നതിൽ ബൈബിളിനുള്ളതുപോലുള്ള ശക്തി വേറെ യാതൊരു പുസ്തകത്തിനുമില്ല. ക്രിസ്ത്യാനികളുടെ മതഗ്രന്ഥം എന്ന നിലയിൽ മാത്രം ബൈബിളിനെ നോക്കിക്കണ്ടാൽ അത് ബൈബിളിനെ അവഹേളിക്കലായി മാറും. മനുഷ്യന്റെ മൊത്തമായുള്ള അഭ്യുന്നതിക്കുവേണ്ട നിർദ്ദേശങ്ങളടങ്ങിയ വഴികാട്ടിയാണ് ബൈബിൾ എന്നു പറയുന്നതാണ് ശരി.

സഭകളിൽ ഉണ്ടാകുന്ന വഴക്കും അടിപിടിയും നമ്മെ ബൈബിളിലേക്ക് തിരിയാൻ പ്രേരിപ്പിക്കട്ടെ. സത്യം മാത്രം അനുസരിച്ചാൽ മതി എന്നു എല്ലാവരും തീരുമാനിക്കുക. ഭൂമിയിലെ മാനുഷനിർമ്മിത പ്രസ്ഥാനങ്ങളല്ല, ദൈവനിർമ്മിതമായ സഭയുടെ ഭാഗമായി നാം തീർന്നുവോ എന്നു ചിന്തിക്കുക. അങ്ങനെ തീർന്നിട്ടുണ്ടെങ്കിൽ ദൈവികപ്രമാണങ്ങൾ പാലിക്കുക. ബൈബിൾ വായിച്ചാൽ അവ ഏതെല്ലാം എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

നമുക്ക് ഈ ഭൂമിയിലുള്ള ആയുസ്സ് തീരെ കുറവാണ്. ഉള്ള ആയുസ്സ് നമ്മെത്തന്നെ ദൈവത്തിനുവേണ്ടി സമർപ്പിക്കുക. അനിശ്ചിതത്വം നിറഞ്ഞ ഈ ആയുസ്സിൽ ദൈവത്തെ പ്രസാദിപ്പിക്കാൻ ലഭിക്കുന്ന ഏതു അവസരവും പ്രയോജനപ്പെടുത്തിയാൽ ഒരുനാളിൽ ദൈവമുമ്പാകെ നമുക്ക് സന്തോഷത്തോടെ നിൽക്കുവാൻ കഴിയും. മനുഷ്യൻ ഉണ്ടാക്കിയ വികലമായ പ്രമാണങ്ങളെ വലിച്ചെറിഞ്ഞ് പ്രയോജനമുള്ള ദൈവികപ്രമാണങ്ങളെ സ്വീകരിക്കുക.

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Dr. K. V. Simon, Pazhanji, Thrissur

കഴിഞ്ഞ മാസത്തിലെ മാസിക വായിച്ചു. അതിൽ താരപ്പേട്ടനെക്കുറിച്ച് എഴുതിയ ചില കാര്യങ്ങളോട് വിയോജിപ്പുണ്ട്:

(1) അദ്ദേഹത്തെ പൊരുതിത്തോറ്റ പോരാളി എന്നു വിശേഷിപ്പിച്ചത് ഒട്ടും ശരിയല്ല. അദ്ദേഹം പൊരുതി തോറ്റയാളല്ല. പടപൊരുതി കർത്താവിനുവേണ്ടി അന്ത്യം വരെ നിലനിന്ന ഒരു വ്യക്തി എന്നു പറയുന്നതാണ് കുറെക്കൂടി ഉത്തമം. പൊരുതിതോറ്റയാളല്ല, പൊരുതി അവസാനിച്ചയാളാണ് അദ്ദേഹം. **(എഡിറ്റർ: വളരെ ശരിയാണ്. അദ്ദേഹം ഒരിക്കലും പൊരുതി തോറ്റ വ്യക്തിയല്ല. അതുകൊണ്ട് പൊരുതിതോറ്റ എന്ന വാക്ക് ഞാൻ ഇൻവർട്ടഡ് കോമ ഇട്ടാണ് എഴുതിയിരുന്നത്)**

(2) തന്റെ മരണത്തോടുകൂടി സഭ അവസാനിച്ചു എന്നു പറഞ്ഞതും ശരിയല്ല. അദ്ദേഹം മരിച്ചതിനുശേഷവും ആ കൂടാരംസഭ കുറെക്കാലം കൂടി നിലനിന്നിരുന്നു. താരപ്പേട്ടൻ മരിച്ചത് 1958ലാണല്ലോ. എന്റെ പിതാവ് 1964 വരെ ആ സഭയിൽ കൂടിവന്നിരുന്നു. അക്കാലത്ത് അവിടെ ഏകദേശം അറുപതു പേരെങ്കിലും കൂടിവരുന്നുണ്ടായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1978 വരെ ആ സ്ഥിതിയിൽ ആ സഭ തുടർന്നിരുന്നു. പിന്നീട് നിസ്സാരമായ കാര്യങ്ങളുടെ പേരിൽ ഓരോരുത്തരായി വേർപിരിഞ്ഞു. അവസാനം ചേറു, എളച്ചാർടീച്ചർ എന്നിവർ മാത്രം ആരാധിക്കാൻ തുടങ്ങി. താരപ്പേട്ടൻ ഉള്ള കാലത്ത് സഭ നല്ല നിലയിൽത്തന്നെയാണ് ആയിരുന്നത്.

## M. C. Chacko, Chovannur, Thrissur

ഏപ്രിൽ മാസത്തിലെ സി. വി. താരപ്പനെക്കുറിച്ചുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ചില വിവരങ്ങൾ ശരിയല്ല. സി. വി. താരപ്പൻസഹോദരൻ മരിക്കുമ്പോൾ ഏകദേശം 60 പേർ ഞായറാഴ്ചയോഗങ്ങളിൽ കൂടിവരാനുണ്ടായിരുന്നു. പെങ്ങാമുക്ക്, പോർക്കുളം, ചൊവ്വന്നൂർ എന്നീ സ്ഥലങ്ങളിലായിരുന്നു ഞായറാഴ്ചകളിൽ കൂടിവന്നിരുന്നത്. 1964 ൽ ഒരു കുടുംബവും

1966 ൽ ചേറുസഹോദരനും എളച്ചാരേടത്തിയും അവരുടേതായ കാരണങ്ങളാൽ പിരിഞ്ഞുപോയി. 1986 ൽ, ചികിത്സ പാടില്ല എന്ന ആശയത്തെ ചൊല്ലി സഭയിൽ വലിയ പിളർപ്പ് ഉണ്ടായി. ബാക്കിയുള്ള സഹോദരന്മാരും സഹോദരിമാരും മരിച്ചുതീർന്നു എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ.

**Ummachen Varghese, Kondazhy, Thrissur**

മാസികയിലെ ലേഖനങ്ങൾ വളരെ നല്ലതാണ്. ഗഹനമായ ഭാഷാശൈലിയല്ല, ലളിതമായ എഴുത്താണ്. ഒരു മാസിക നടത്തിക്കൊണ്ടുപോകുന്നതിന്റെ ബുദ്ധിമുട്ട് എനിക്ക് നന്നായി അറിയാം. ഞങ്ങൾ ഒരു മാസിക തുടങ്ങി മൂന്നു വർഷം മാത്രമേ കൊണ്ടുനടക്കാൻ സാധിച്ചുള്ളൂ. *റിയൽ ലൈഫ് വോയ്സ്* ഇനിയും മുന്നോട്ടു പോകട്ടെ. സി. വി. താരപ്പനെക്കുറിച്ചുള്ള ലേഖനപരമ്പര പുസ്തകമാക്കി പ്രസിദ്ധീകരിക്കാൻ ശ്രമിക്കണം.

**K K Kuttappan, Arivilamchal, Idukki**

*റിയൽ ലൈഫ് വോയ്സ്* മാസിക മുടക്കം കൂടാതെ കിട്ടുന്നുണ്ട്. ചെറിയ മാസികയിൽ വലിയ ആത്മികചിന്തകൾ അടങ്ങിയിരിക്കുന്നു. ആദ്യപേജിലെ എഡിറ്റോറിയൽ മുതൽ അവസാന പേജിലെ ഇമ്മാനുവിന്റെ സംശയങ്ങൾ വരെ വായിച്ചു. വളരെ നന്നായിരിക്കുന്നു. മിന്നൽരക്ഷാചാലകം ചിന്തനീയം തന്നെ. സഹോദരന്റെ മാസികയുടെ നടത്തിപ്പിനെയും ആത്മിക കാഴ്ചപ്പാടിനെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

**Daniel P V, Pullad, Pathanamthitta**

തൃശ്ശൂരിലെ താരപ്പേട്ടനെക്കുറിച്ചുള്ള ലേഖനപരമ്പര വളരെ പ്രയോജനപ്പെട്ടു. അദ്ദേഹത്തെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നതിന് ഇടയായി. മാസിക വളരെ നന്നായിട്ടുണ്ട്. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

## ജെ. സി. ദേവിന് അക്ഷരഖനി പുരസ്കാരം

ഡോ. സി. വി. വടവന ചെയർമാനായുള്ള സത്യം സർവ്വീസ് ട്രസ്റ്റിന്റെ അക്ഷരഖനി പുരസ്കാരത്തിന് ബ്രദർ ജെ. സി. ദേവ് അർഹനായി. 25000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഈ പുരസ്കാരം. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച *സഭാചരിത്രം* എന്ന ഗ്രന്ഥമാണ് പുരസ്കാരത്തിന് അർഹമായത്. 2022 മെയ് 5 ന് തിരുവല്ല സത്യകൂടാരത്തിൽ ട്രസ്റ്റിന്റെ 34-ാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന സമ്മേളനത്തിൽ വച്ച് ആരോഗ്യവകുപ്പ്മന്ത്രി ശ്രീമതി വീണാ ജോർജ്ജ് പുരസ്കാര സമർപ്പണം നടത്തുന്നതാണ്.

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുരിയന്റെ ജീവചരിത്രം

**Prof. T. John Mathew**

**പരിഭാഷ: എം. വി. സെബാസ്റ്റ്യൻ**

**ആമുഖം**

1945 ൽ കേരളം വിടുകയും ഉത്തരേന്ത്യയിൽ 60-തിലധികം വർഷങ്ങൾ മിഷനറിയായി കർത്താവിനെ സേവിക്കുകയും ചെയ്ത ഡോ. റ്റി. എ. കുരിയന്റെ ജീവചരിത്രം ചമയ്ക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ ഭാര്യയോടും എനിക്കുണ്ടായിരുന്ന കുടുംബബന്ധം അവരെ അടുത്തറിഞ്ഞ് മനസ്സിലാക്കാൻ എനിക്കു അവസരം തന്നു.

**ഡോ. റ്റി. എ. കുരിയൻ (1920-2007):**

**60-തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു. ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഇതു വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഇതിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു. (എഡിറ്റർ)**

എന്റെ പിതാവിന്റെ ജ്യേഷ്ഠനായ ടി. കെ. എബ്രാഹാമിന്റെ മൂത്ത മകനായിരുന്നു ടി. എ. കുര്യൻ. അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മ, എന്റെ മാതാവിന്റെ ഏറ്റവും മൂത്ത സഹോദരനായിരുന്ന കുറിയന്നൂർ താന്നിക്കപ്രത്തൂട്ട് കുഞ്ഞച്ചൻ ഉപദേശിയുടെ മൂത്ത മകൾ (എം. ഈ. ചെറിയാൻ, മധുരയുടെ ഇളയ സഹോദരി) ആയിരുന്നു. ഇപ്രകാരം അവർ രണ്ടു പേരും എനിക്കു വളരെ അടുത്ത ബന്ധുക്കളായിരുന്നതിനാൽ അവരുടെ ജീവചരിത്രരചനയ്ക്കാവശ്യമായിരുന്ന നിരവധി വിവരങ്ങൾ എന്റെ മാതാപിതാക്കളിൽനിന്നും മറ്റു കുടുംബാംഗങ്ങളിൽനിന്നും എനിക്കു ലഭിച്ചിരുന്നു.

ഈ ജീവചരിത്രം രചിക്കുന്ന കാര്യം എന്നോടു ആദ്യമായി സംസാരിച്ചത് ഡോ. കുര്യന്റെ മൂന്നാമത്തെ മകൻ ജോൺസൺ കുര്യൻ ആയിരുന്നു.

എന്നാൽ ഇതിന്റെ രചനയ്ക്കു എന്നെ പ്രേരിപ്പിച്ച മറ്റൊരു വസ്തുതയുണ്ട്. 1960–കളിൽ അവർ മദ്ധ്യപ്രദേശിലെ സാഗറിൽ നടത്തിയ പ്രവർത്തനങ്ങളെ നേരിൽ കണ്ടിട്ടുള്ള വ്യക്തിയാണ് ഞാൻ. പോസ്റ്റ് ഗ്രാജ്വേഷൻ പഠനത്തിനായി ഞാൻ 1966–ൽ സാഗറിൽ പോവുകയും അവിടെ രണ്ടു വർഷം താമസിക്കുകയും ചെയ്തിരുന്നു. ശ്രീ. ടി. എ. കുരിയനെയും അദ്ദേഹത്തിന്റെ ഭാര്യയെയും യഥാക്രമം അച്ചായൻ, കൊച്ചമ്മ എന്നാണ് ഞാൻ വിളിച്ചിരുന്നത്. ഞാൻ താമസിച്ചിരുന്ന ഹോസ്റ്റലിലേക്ക് അച്ചായൻ പലപ്പോഴും വരികയും, അവിടെ സുവിശേഷത്തിൽ താത്പര്യം കാണിച്ചവർക്ക് ബൈബിൾക്ലാസ്സ് എടുക്കുകയും ചെയ്യുമായിരുന്നു. ആ സമയത്ത് കൊച്ചമ്മയാകട്ടെ ലേഡീസ്ഹോസ്റ്റലിൽ, വീണ്ടുംജനനം പ്രാപിച്ച ഒരു വിദ്യാർത്ഥിനിയുടെ റൂമിൽ കൂടിവന്നിരുന്നവർക്ക് ദൈവവചനം പഠിപ്പിച്ചുകൊടുക്കുമായിരുന്നു.

ഞായറാഴ്ചകളിൽ സഭയിൽ വന്നിരുന്നവരുമായും സന്ദർശകരായി വന്ന പലരുമായും സമ്പർക്കം പുലർത്താൻ സാഗറിൽ ഉണ്ടായിരുന്ന രണ്ടു വർഷവും എനിക്ക് കഴിഞ്ഞു. വടക്കേ ഇന്ത്യയിലെ സുവിശേഷപ്രവർത്തനം വളരെ ദുഷ്ക്കരമാണെന്നും, വലിയ വിശ്വാസവും ധൈര്യവും കഠിനാദ്ധ്വാനത്തിനുള്ള ഉറച്ച തീരുമാനവും ഉണ്ടെങ്കിലേ അവിടെ മുന്നോട്ടു പോകാൻ കഴിയൂ എന്നും എനിക്കു മനസ്സിലായി. തടസ്സങ്ങളും തിരിച്ചടികളും ഉണ്ടാകുമ്പോൾ നിരാശപ്പെടാതിരിക്കുകയും വേണം.

ഡോ. കുരിയന്റെ മിഷനറിവേലയിൽ എന്നെ വളരെ ആകർഷിച്ച കാര്യം എന്താണെന്നു വച്ചാൽ, അവർ എല്ലായ്പോഴും കർത്താവിൽ സന്തോഷിച്ചിരുന്നു; മാത്രമല്ല, ഏതു പ്രതികൂലങ്ങളെയും അനുഗ്രഹങ്ങളായി പരിഗണിക്കുകയും എല്ലായ്പോഴും സന്തോഷവും സംതൃപ്തിയും ഉള്ളവരായി കാണപ്പെടുകയും ചെയ്തിരുന്നു. വാസ്തവത്തിൽ നിരാശപ്പെടാനും പല കാര്യങ്ങളോർത്ത് അസംതൃപ്തരായിരിക്കാനും അവർക്ക് നിരവധി കാരണങ്ങളുണ്ടായിരുന്നു. പക്ഷേ അവർ കർത്താവിൽ ആശ്രയം വയ്ക്കുകയും വിശ്വാസത്തിൽനിന്നു വ്യതിചലിക്കാതിരിക്കുകയും ചെയ്തു. പ്രശ്നങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും മദ്ധ്യത്തിൽ സന്തോഷമുള്ളവരും സംതൃപ്തിയുള്ളവരുമായി കാണപ്പെട്ട അവർ ഒരർത്ഥത്തിൽ അപ്പൊസ്തലനായ പൗലൊസിനെ അനുകരിക്കുകയായിരുന്നു എന്നു പറയാം.

ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ പൗലൊസ് ഇപ്രകാരം എഴുതി: “നിങ്ങൾ പിന്നെയും എനിക്കുവേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വളരെ സന്തോഷിച്ചു; മുമ്പെ തന്നെ നിങ്ങൾക്കു വിചാരമുണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല. ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നത്; ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടു

ണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിക്കാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (4:10-13).

പൗലൊസിന്റെ ഈ മനോഭാവം തന്നെ കുരിയനും ഭാര്യയും പിന്തുടർന്നു. "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" (എബ്രായർ 13:5) എന്ന വാഗ്ദത്തത്തിൽ അവർ വിശ്വസിച്ചു. അവർക്കുണ്ടായിരുന്ന സന്തോഷവും സമാധാനവും നിമിത്തം അയൽവാസികളുടെയും സമീപപ്രദേശങ്ങളിലുള്ള മറ്റുള്ളവരുടെയും സൗഹൃദം അവർക്കു നേടാൻ കഴിഞ്ഞു. പരിചയപ്പെടുന്ന എല്ലാവരോടും സുവിശേഷം പങ്കുവയ്ക്കുവാൻ ഇതു സഹായകമായി. ആരും അവരുടെ സുവിശേഷപ്രസംഗത്തെ എതിർത്തുമില്ല.

ഞാൻ സാഗറിൽ ചെലവഴിച്ച രണ്ടു വർഷക്കാലയളവിൽ, അച്ചായൻ (ടി. എ. കുരിയൻ) അദ്ദേഹത്തിന്റെ മിഷനറി എന്ന നിലയിലുള്ള അനുഭവങ്ങൾ ഡയറിയിൽ എഴുതുന്നുണ്ടെന്നു അറിയാൻ ഇടയായി. എന്നാൽ ആ ഡയറിക്കുറിപ്പുകളിൽനിന്നും ഉദ്ധരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജീവചരിത്രം ഒരിക്കൽ ഞാനെഴുതും എന്നു ഞാൻ വിചാരിച്ചിരുന്നില്ല. 1966-ൽ കേരളത്തിൽനിന്നും മാറി സാഗറിലെ യൂണിവേഴ്സിറ്റിയിൽ രണ്ടു വർഷം ബിരുദാനന്തരബിരുദ വിദ്യാർത്ഥിയായി (post graduate student) ഞാൻ കഴിഞ്ഞത് ദൈവഹിതപ്രകാരമായിരുന്നുവെന്നു ഇന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ജീവചരിത്രം നേരിട്ടുള്ള അറിവിന്റെ അടിസ്ഥാനത്തിൽ എഴുതുവാൻ എനിക്കു കഴിഞ്ഞുവല്ലോ.

ഈ ലോകത്തിൽ ഒരാൾക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വിലപ്പെട്ട കാര്യം മനുഷ്യഹൃദയങ്ങളിൽ സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുകയാണെന്ന് എനിക്കുണ്ടായിരുന്ന ബോധ്യം ശക്തിപ്പെടുത്തുന്നതിൽ ഇവർ രണ്ടുപേരും, എം. ഈ. ചെറിയാൻ മധുരയെപ്പോലെത്തന്നെ ഗണനീയമായ പങ്കുവഹിച്ചുവെന്നത് നിസ്തർക്കമാണ്. അവർ കാണിച്ചുതന്ന മാതൃകയിൽനിന്നു പ്രചോദനമുൾക്കൊണ്ടു കൊണ്ടാണ് ഞാൻ കൂട്ടുസഹോദരങ്ങളുമായി ചേർന്ന് ബൈബിൾ സ്റ്റഡി സെന്റർ എന്ന പേരിൽ മണ്ണുത്തിയിൽ പ്രവർത്തനം ആരംഭിച്ചത്.

ശ്രീ. ടി. എ. കുരിയന്റെ മൂന്നാമത്തെ മകനായ ജോൺസൺകുരിയൻ ആണ് ഈ ജീവചരിത്രം എഴുതുവാൻ എന്നോടു അഭിപ്രായപ്പെട്ടത്. അദ്ദേഹത്തിന്റെ മാതാപിതാക്കളെക്കുറിച്ച് എനിക്ക് നേരിട്ടുള്ള അറിവുകൾ ഉണ്ട് എന്നുള്ളതുകൊണ്ടാണ് എന്നോട് ഇപ്രകാരം അഭിപ്രായപ്പെട്ടത്. ഞാൻ

⇨

# പുതിയനിയമത്തിലൂടെ
# (29) യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**നാലാം ഭാഗം: പക്ഷികൾ**

**1. പ്രാവ്** (മത്തായി 3:16)

പുതിയനിയമം വായിക്കുമ്പോൾ നാം ആദ്യം കാണുന്ന പക്ഷി പ്രാവ് ആണ്. പഴയനിയമത്തിൽ ആദ്യം മലങ്കാക്കയുടെ പേരും രണ്ടാമത് പ്രാവിന്റെ പേരും പറഞ്ഞിരിക്കുന്നു (ഉല്പത്തി 8:7,8). ജലപ്രളയത്തിനുശേഷം ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയാൻ നോഹ പ്രാവിനെ പുറത്തുവിട്ട കാര്യം പറയുന്നുണ്ടല്ലോ. തിരുവെഴുത്തിൽ പ്രാവിനെക്കുറിച്ചുള്ള ആദ്യത്തെ വാക്യമാണത്. പുതിയനിയമത്തിൽ പ്രാവിനെക്കുറിച്ച് ആകെ 10 വാക്യങ്ങളാണ് ഉള്ളത്. ഈ വാക്യങ്ങൾ പരിശോധിക്കുമ്പോൾ പ്രാവിനെക്കുറിച്ച് താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ നമുക്കു മനസ്സിലാകുന്നു.

**1. പ്രാവ് - പരിശുദ്ധാത്മാവിന്റെ പ്രതീകം**

യോഹന്നാൻസ്നാപകനിൽ നിന്നും യേശു സ്നാനം സ്വീകരിച്ചപ്പോൾ "പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്ന പോലെ അവന്റെ മേൽ ഇറങ്ങിവന്നു" (ലൂക്കൊസ് 3:22). പരിശുദ്ധാത്മാവ് പ്രാവായി വന്നു എന്നല്ല; പ്രാവെന്ന പോലെ ഇറങ്ങി എന്നാണ്. അതായത്, പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവ് കണ്ടാൽ പ്രാവ് പറന്നിറങ്ങുന്നതുപോലെ തോന്നിക്കും. ഈ സംഭവം നിമിത്തം വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ പ്രതീകമായി പ്രാവിനെ പരിഗണിച്ചുപോരുന്നു. സമാധാനത്തിന്റെ പ്രതീകമായി പ്രാവിനെ ലോകമെങ്ങും പൊതുവെ കണക്കാക്കുന്നുണ്ട്. സമാധാനത്തിനുള്ള ആഹ്വാനമായി ഭരണാധികാരികൾ പ്രാവിനെ പറത്താറുണ്ടല്ലോ. ⇨

---

⇨ അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിച്ചുവെങ്കിലും നേരത്തേ ചെയ്യണമെന്നു തീരുമാനിച്ച മറ്റു ചില കാര്യങ്ങളുണ്ടായിരുന്നതിനാൽ ഇതിന്റെ രചന വൈകിപ്പോയി. എങ്കിലും ഇതിന്റെ രചന പൂർത്തിയാക്കാൻ എന്നെ സഹായിച്ച ദൈവത്തിനു നന്ദി. ഈ ജീവചരിത്രം വായിക്കുന്നവർ ഇതിനാൽ സ്വാധീനിക്കപ്പെടണം എന്നാണ് എന്റെ ആഗ്രഹം. **(തുടരും)**

## 2. പ്രാവ് – ക്രിസ്ത്യാനിയുടെ പ്രതീകം

തന്റെ ശിഷ്യന്മാർ പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരായിരിക്കണം എന്നു കർത്താവ് പറഞ്ഞു (മത്തായി 10:16). 'കളങ്കമില്ലാത്തവർ' എന്നതിന് 'harmless' എന്ന വാക്കാണ് ഇംഗ്ലീഷ്ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. 'നിരുപദ്രവകാരിയായ' എന്നർത്ഥമാണല്ലോ ആ വാക്കിനുള്ളത്. പ്രാവ് പൊതുവെ ആക്രമണസ്വഭാവം കാണിക്കാറില്ല. കോഴി, കാക്ക എന്നിവയെപ്പോലെ പ്രാവ് ആരെയും ആക്രമിക്കാൻ (കൊത്താൻ) വരാറില്ല. രംഗം മോശമായാൽ പെട്ടെന്നു അവിടെനിന്നും പറന്നുപോവുകയാണ് ചെയ്യാറുള്ളത്. അതുപോലെ സുവിശേഷം അറിയിക്കാനായി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഒരു വിശ്വാസി പ്രാവിന്റെ സ്വഭാവം കാണിക്കണം.

ഏതെങ്കിലും തരത്തിലുള്ള കഷ്ടങ്ങളിലൂടെ കടന്നുപോകുന്ന ആളുകളുടെ അടുക്കൽ ചെന്ന് "നിങ്ങളുടെ അമ്മായി നിങ്ങൾക്കെതിരെ ചില കാര്യങ്ങൾ ചെയ്തതുകൊണ്ടാണ് ഇങ്ങനെ നിങ്ങൾക്ക് സംഭവിച്ചിരിക്കുന്നത്"എന്നു വച്ചുകാച്ചി, കുടുംബം കലക്കുന്ന രീതി ചില പ്രവാചകന്മാർക്ക് ഉണ്ട്. ഓ! (കള്ള)പ്രവാചകാ, താങ്കൾ വിശ്വാസിയാണെങ്കിൽ പ്രാവിന്റെ സ്വഭാവം കാണിക്കൂ; നിരുപദ്രവകാരിയായിരിക്കൂ. വ്യക്തിബന്ധങ്ങൾ തകർക്കുന്ന രീതിയിൽ സംസാരിക്കുന്ന വിശ്വാസികൾ മാനസാന്തരപ്പെടട്ടെ. മറ്റു ചില വിശ്വാസികൾ ഹൃദയത്തിൽ പക സൂക്ഷിക്കുന്നവരാണ്. ഏതെങ്കിലും വ്യക്തിയിൽനിന്നും വേദനിപ്പിക്കുന്ന ഒരു അനുഭവം ഉണ്ടായാൽ, ആ വ്യക്തി പിന്നീട് എത്ര കണ്ട് സ്നേഹത്തോടെ തുടർന്നു ഇടപെട്ടാലും അവനോട് ക്ഷമിക്കാൻ ഒരുക്കമല്ല! അതരുത്; നാം പ്രാവിനെപ്പോലെയാകണം.

പ്രാവിനെ നിഷ്കളങ്കതയുടെ പര്യായമായി പഴയനിയമത്തിലും പറഞ്ഞിട്ടുണ്ട്. ഉത്തമഗീതത്തിലെ പ്രിയൻ ശൂലേംകാരത്തിയെ വിളിക്കുന്നത് "എന്റെ പ്രാവേ, എന്റെ നിഷ്കളങ്കേ" എന്നാണ് (ഉത്തമഗീതം 5:2; 6:9). പ്രാവിന്റെ ഭക്ഷണരീതി കോഴി, കാക്ക തുടങ്ങിയ പക്ഷികളിൽനിന്നും വ്യത്യസ്തമാണ്. ധാന്യമണികൾ കൊത്തിത്തിന്ന് അവ ജീവിക്കുന്നു. ചളിയിൽ കിടക്കുന്നതോ ചീഞ്ഞതോ ഒന്നും അവ തിന്നാറില്ല. പൊതുവെ സസ്യഭുക്കാണ്. നല്ല വൃത്തിയിലും വെടിപ്പിലും അവ കാണപ്പെടാറുണ്ട്. ഇതുകൊണ്ടെല്ലാമാണ് വിശ്വാസിയെ പ്രാവിനോട് ഉപമിച്ചിരിക്കുന്നത്. വൃത്തിയിലും വെടിപ്പിലും നടക്കാനും അശുദ്ധമായവ ഒഴിഞ്ഞിരിക്കാനും ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു എന്നു വ്യക്തമാണല്ലോ.

## 3. പ്രാവ് – ദരിദ്രന്റെ പ്രതീകം

ദൈവമക്കളുടെ എല്ലാവരുടെയും സാമ്പത്തികസ്ഥിതി ഒരുപോലെയാകണമെന്നില്ല. ദൈവമക്കളിൽ സമ്പന്നരും, ദരിദ്രരും കാണപ്പെടുക സ്വാഭാ

വികമാണ്. പഴയനിയമത്തിലായാലും പുതിയനിയമത്തിലായാലും ഇതിന് ഉദാഹരണങ്ങളുണ്ട്. സമ്പന്നരായവർക്ക് ദരിദ്രരായവരെ സഹായിക്കുന്നതിനുള്ള ഉത്തരവാദിത്തമുണ്ട്. ഇങ്ങനെയുള്ള കൊടുക്കൽ-വാങ്ങൽ നിമിത്തം ദൈവജനത്തിന്റെ മധ്യേ സ്നേഹവും കൂട്ടായ്മയും സുദൃഢമാകണം. ഇതിനുവേണ്ടിയാണ് ദൈവമക്കളുടെ ഇടയിൽ സാമ്പത്തിക അസമത്വം ദൈവം അനുവദിച്ചിരിക്കുന്നത്.

പഴയനിയമകാലയളവിൽ യാഗം കഴിക്കുന്നതിനുള്ള വ്യവസ്ഥകൾ ദൈവം പറഞ്ഞപ്പോൾ സമ്പന്നനും ദരിദ്രനും അവ സാധ്യമാകുന്ന വിധത്തിലാണ് പറഞ്ഞത്. കാള, ആട്, പ്രാവ് എന്നിങ്ങനെ വ്യത്യസ്ത യാഗവസ്തുക്കൾ ദൈവം വച്ചത് അതുകൊണ്ടാണ്. ഓരോരുത്തനും താന്താന്റെ ധനസ്ഥിതിയനുസരിച്ച് ഇഷ്ടമുള്ളത് യാഗം കഴിക്കാം. യേശുവിനെ പ്രസവിച്ചതിനുശേഷം, മറിയയുടെ ശുദ്ധീകരണകാലം കഴിഞ്ഞപ്പോൾ, മോശെയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ദൈവസന്നിധിയിൽ യാഗം കഴിക്കാൻ അവർ പോയ കാര്യം ലൂക്കൊസ് 2:22-24ൽ കാണുന്നുണ്ട്. “ഒരു ഇണ കുറുപ്രാവിനെയോ രണ്ടു പ്രാക്കുഞ്ഞിനെയോ” ആണ് അവർ കരുതിയത്.

ഇതിന്റെ പ്രമാണം നാം കാണുന്നത് ലേവ്യർ 12-ാം അദ്ധ്യായത്തിലാണ്. ആട്ടിൻകുട്ടിക്ക് വകയില്ലാത്തവരാണ് ഇത്തരത്തിൽ പ്രാവിന്റെ കുഞ്ഞുങ്ങളെ കൊണ്ടുചെല്ലേണ്ടത് എന്ന് അവിടെ രേഖപ്പെടുത്തിയിട്ടുണ്ട് (ലേവ്യർ 12:8). അപ്പോൾ കാര്യം മനസ്സിലായില്ലേ? യോസേഫും മറിയയും ആട്ടിൻകുട്ടിക്ക് വകയില്ലാത്തവരായിരുന്നു! ദരിദ്രരായിരുന്നു! ഈ ഭൂമിയിൽ ജനിക്കാനായി യേശു തിരഞ്ഞെടുത്ത കുടുംബം കൊള്ളാം, അല്ലേ? ഇമ്മാനുവേൽ! അത്യുന്നതന്റെ പുത്രൻ! വീരനാം ദൈവം! നിത്യപിതാവ്! അത്ഭുതമന്ത്രി! എന്തെല്ലാം വിശേഷണങ്ങൾ! അഖിലാണ്ഡത്തിന്റെ അനന്തത മുഴുവൻ കാണുന്നവൻ, പർവതങ്ങളെ തൂക്കിനോക്കുന്നവൻ, തിരകളെയും കൊടുങ്കാറ്റിനെയും നിയന്ത്രിക്കുന്നവൻ, ശബ്ദമേതുമില്ലാതെ സൂര്യനെയും മറ്റു ജ്യോതിർഗ്ഗോളങ്ങളെയും നയിക്കുന്നവൻ... ഒരു ദരിദ്രകുടുംബത്തിൽ! ദരിദ്രനായി ജനിച്ചു; ദരിദ്രനായി ജീവിച്ചു!

പ്രിയ സഹോദരാ, താങ്കളുടെ ധനസ്ഥിതി മോശമാണെന്നു കരുതി വിഷമിക്കേണ്ടതില്ല. സർവധനത്തിന്റെയും അധിപതിയായ കർത്താവ് ഈ ഭൂമിയിൽ ജീവിച്ചത് എപ്രകാരമാണെന്നു ധ്യാനിക്കുക. കർത്താവ് ഉയർത്തുന്നതുവരെ അവന്റെ ബലമുള്ള കൈക്കീഴ് താണിരിക്കുക. പെട്ടെന്ന് ധനവാനാകാനായി അവിവേകം ഒന്നും കാണിക്കരുത്. പ്രിയ സഹോദരാ, താങ്കളുടെ ധനസ്ഥിതി മെച്ചപ്പെട്ടതാണെങ്കിൽ ആ പണം മുഴുവൻ താങ്കളുടെ സ്വന്തം സുഖസൗകര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാതെ, ദരിദ്രരായ വിശ്വാസികളുടെ ആവശ്യങ്ങളിലേക്ക് കൂട്ടായ്മയുടെ വലംകരം നീട്ടുക; അങ്ങനെ തലമുറകളിലേക്ക് ദൈവത്തിന്റെ ദയയെ സംഭരിക്കുക. **(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

7

**മായാലോകത്തിന്റെ സൃഷ്ടി**

സാവിത്രി എന്ന സ്ത്രീ അനന്തു എന്ന വ്യാജകാമുകനുമായി ചാറ്റ് ചെയ്തുകൊണ്ടിരുന്നത്, ആ സ്ത്രീ ഒരാൺകുഞ്ഞിനു ജന്മം നൽകിയ ഉടൻ തന്നെ ആ കുഞ്ഞിനെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്നതിനും ആ പരിശ്രമം വിജയിക്കുന്നതിനും കാരണമായിത്തീർന്നു എന്നത് അവിശ്വസ നീയമാണ്, പക്ഷേ സത്യം തന്നെയാണ്. Truth is stranger than fiction (സത്യം കെട്ടുകഥയേക്കാൾ വിചിത്രമാണ്) എന്ന പഴഞ്ചൊല്ല് അന്വർത്ഥ മാക്കുന്ന ഒരു സംഭവവുമാണത്.

ഇവിടെയും 'മറ്റാരും അറിയരുത്' എന്ന വ്യഗ്രതയോടെ നടത്തപ്പെട്ട ചാറ്റിംഗാണ് യഥാർത്ഥ വില്ലൻ. സാവിത്രിയുടെ മടയത്തരം കണ്ടു രസി ക്കാൻ ആഗ്രഹിച്ചുകൊണ്ട് മല്ലികയും രാധാമണിയും കൂടി അനന്തു എന്ന സങ്കല്പ കാമുകനെ സൃഷ്ടിച്ച് സാവിത്രിയുടെ മനോദർപ്പണത്തിനു മുന്നി ലെത്തിച്ചു കൊടുത്തു. ഈ സങ്കല്പകാമുകനെ പരിചയപ്പെട്ട സാവിത്രി, 'ഈ ആൾ എത്ര സുന്ദരനാണ്, ഈ ആൾ എന്റെ ഭർത്താവായിരുന്നെ ങ്കിൽ' എന്നാശിച്ചുകൊണ്ട് അയാളുമായി പരമരഹസ്യമായി ചാറ്റിംഗ് ആരംഭിച്ചു.

ഇത് അനേകനാളുകൾ തുടർന്നപ്പോൾ ഇതിന്റെ ഫലമായി സാവിത്രി യുടെ മാനസികലോകത്തിൽ യഥാർത്ഥ ഭർത്താവിനുണ്ടായിരുന്ന സ്ഥാനം ചുരുങ്ങി ചുരുങ്ങി അത് മിക്കവാറും ഇല്ലാതായി. യാഥാർത്ഥ്യബോധം തന്നെ അവൾക്ക് ഇല്ലാതായിത്തീർന്നു. അതുകൊണ്ടാണ് വർക്കല, പറ വൂർ ബീച്ചുകളിലേക്കും മറ്റും ചെന്ന് തന്റെ പ്രിയപ്പെട്ട അനന്തു അവിടെ ങ്ങാനും ഉണ്ടോ എന്നന്വേഷിച്ചത്. താൻ ഗർഭിണിയായപ്പോൾ ആ ശിശു വിന് തന്റെ മാനസികലോകത്തിൽ യാതൊരു സ്ഥാനവുമില്ല എന്ന അവ സ്ഥയുണ്ടായി. രഹസ്യചാറ്റിംഗ് അവളുടെ മാനസികലോകത്തെ ചുരുക്കി ചുരുക്കി അതിൽ അനന്തു അല്ലാതെ മറ്റാരും – മറ്റു യാതൊന്നുമില്ല എന്ന അവസ്ഥയുണ്ടാക്കി. അതുകൊണ്ട് നല്ല സുബോധത്തിലിരുന്നുകൊണ്ട്, തനിക്കു ജനിച്ച കുഞ്ഞിനെ കരിയിലക്കുഴിയിൽ ഉപേക്ഷിച്ച ആ ഭ്രാന്തൻക്രൂരത അവൾ കാണിച്ചു.

**മാധ്യമ ദുരുപയോഗം**

മൊബൈൽഫോണും കമ്പ്യൂട്ടറും ഉപയോഗിച്ച് ഭാര്യാഭർത്താക്കന്മാർ അല്ലാത്ത സ്ത്രീകളും പുരുഷന്മാരും രഹസ്യസംഭാഷണങ്ങളും രഹസ്യ ചാറ്റിംഗും നടത്തിക്കൊണ്ടിരുന്നാൽ അവരുടെ മാനസികലോകം വളരെയധികം ഹ്രസ്വീകരിക്കപ്പെട്ടു പോകുമെന്നും യാഥാർത്ഥ്യബോധം അവർക്കു നഷ്ടപ്പെട്ടു പോകുമെന്നും യാഥാർത്ഥ്യത്തിനു നിരക്കാത്ത നിരവധി അബദ്ധങ്ങൾ പ്രവർത്തിച്ചുപോകുമെന്നും നാം മനസ്സിലാക്കണം.

എന്തുകൊണ്ടാണ് ഭാര്യാഭർത്താക്കന്മാരല്ലാത്ത ഒരു പുരുഷനും സ്ത്രീയും തമ്മിൽ രഹസ്യമായി ഫോണിൽ സംസാരിക്കാനോ ചാറ്റ് ചെയ്യാനോ തയ്യാറാകുന്നതെന്നും കൂടി വ്യക്തമാക്കിക്കൊള്ളട്ടെ. സാവിത്രി എന്ന സ്ത്രീ ഫെയ്സ്ബുക്കിലെ തന്റെ പ്രിയപ്പെട്ട അനന്തുവുമൊത്ത് ജീവിക്കാനാഗ്രഹിച്ചതുകൊണ്ടാണ് തന്റെ നവജാതശിശുവിനെ കരിയിലക്കുഴിയിൽ ഉപേക്ഷിച്ചത് എന്നാണ് പോലീസിന് മൊഴി കൊടുത്തത്. ഇതിൽനിന്നും തെളിയുന്നത് അനന്തുവുമായി ശരീരബന്ധം പുലർത്തിക്കൊണ്ട് ജീവിക്കാൻ സാധിക്കണമെന്നു അവൾക്ക് തോന്നിയ ആഗ്രഹമാണ് അവളുടെ രഹസ്യചാറ്റിംഗിന് പ്രേരകമായിത്തീർന്നത് എന്നാണ്.

അവിഹിതശരീരബന്ധം എന്ന ആശയം സാവിത്രിയുടെ മനസ്സിൽ ഉളവാക്കിയ രസത്തിന്റെ അനുഭൂതി നിമിത്തമായിരുന്നു അവൾ ചാറ്റിംഗ് ആരംഭിച്ചത്. ഈ ചാറ്റിംഗ് വർദ്ധിച്ചു ശക്തിപ്പെട്ടപ്പോൾ ആ രസത്തിന്റെ അനുഭൂതിയും കൂടുതൽ വർദ്ധിച്ചു. ഒടുവിൽ യാഥാർത്ഥ്യത്തിന്റെ ലോകത്തിൽ ഈ അനുഭൂതി ഉണ്ടാക്കാനായി എന്തും ചെയ്യാൻ ഒരുക്കമാണെന്ന അവസ്ഥയും സംജാതമായി. ഇതിൽനിന്നും നാം എന്താണ് മനസ്സിലാക്കേണ്ടത്? അവിഹിത ശരീരബന്ധം എന്ന ആശയം സാധാരണ മനുഷ്യരുടെ ഉള്ളിന്റെ ഉള്ളിൽ ഒരു തരം രസത്തിന്റെ അനുഭൂതി ഉളവാക്കുന്നു.

മൊബൈൽഫോണും കമ്പ്യൂട്ടറും ഒക്കെ ഉപയോഗിച്ച് രഹസ്യമായി കുമാരീകുമാരന്മാർ തമ്മിലും, ഭാര്യാഭർത്താക്കന്മാർ അല്ലാത്ത സ്ത്രീപുരുഷന്മാർ തമ്മിലും രഹസ്യസംഭാഷണമോ ചാറ്റിംഗോ നടത്തിയാൽ അവർക്ക് ഈ രസാനുഭൂതി ആസ്വദിക്കാൻ കഴിയുന്നു. ഇതു ഒരിക്കൽ ആസ്വദിച്ച് ഈ പ്രക്രിയ ആരംഭിച്ചാൽ അതു തുടരണമെന്ന ആഗ്രഹം മനസ്സിൽ ബലപ്പെട്ടുവരുന്നു. അതു ബലപ്പെട്ടുവന്നാൽ അതു വലിയ ആപത്തുകൾക്ക് വഴിവയ്ക്കുകയും ചെയ്യുന്നു. **(തുടരും)**

*പ്രൊഫ. ടി. ജോൺമാത്യുവിന്റെ ഈ പുസ്തകം തപാലിൽ ലഭിക്കുന്നതിന് 25 രൂപ T. JohnMathew, A/c. No. 921020002139526, IFSC : UTIB0004347 - Axis Bank, Paravattani എന്ന അക്കൗണ്ടിൽ അടച്ചശേഷം 8590602450 എന്ന WhatsApp-ൽ വിവരം അറിയിക്കുക*

# ഹബക്കൂക്

## (പുസ്തകപഠനം)

3

**-എംവിഎസ്-**

**ഹബക്കൂക് 1:4**

*അതുകൊണ്ട് ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരുനാളും വെളിപ്പെട്ടുവരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതു കൊണ്ട് ന്യായം വക്രതയായി വെളിപ്പെട്ടുവരുന്നു.*

**1. ന്യായപ്രമാണം അയഞ്ഞിരിക്കുന്നു**

വസ്ത്രത്തിന്റെ കെട്ട് അഴിഞ്ഞുപോകുന്നതുപോലെ, മറ്റു കെട്ടുകൾ പൊട്ടുന്നതുപോലെ ന്യായപ്രമാണം അയഞ്ഞിരിക്കുന്നു. ദൈവവചനം കണിശമായി പാലിക്കുന്നതിൽ വീഴ്ച വന്നിരിക്കുന്നു എന്നർത്ഥം. മനുഷ്യർ അവരുടെ പാരമ്പര്യത്താൽ ദൈവവചനത്തെ ദുർബ്ബലമാക്കുന്നതായി കർത്താവ് പറഞ്ഞിട്ടുണ്ട് (മത്തായി 15:6). കൃത്യമായി വായിച്ചു, കൃത്യമായി മനസ്സിലാക്കി, കൃത്യമായി അനുസരിക്കേണ്ടതാണ് ദൈവവചനം. ആ വചനത്തെ നമ്മുടെ ആചാരങ്ങളാലോ, വ്യാഖ്യാനങ്ങളാലോ ദുർബ്ബലമാക്കരുത്. ദൈവവചനം അയഞ്ഞിരിക്കുന്നു എന്ന അവസ്ഥ വരരുത്.

ഇന്നു പലരും വചനത്തോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നു. ചിലർ വചനത്തിൽ തിരുത്തൽ വരുത്തുക പോലും ചെയ്യുന്നു! മറ്റു ചിലർ വചനത്തിൽ എന്താണോ പറഞ്ഞത്, അതിന്റെ നേരെ വിപരീതം ചെയ്യുന്നു! ചില ഉദാഹരണങ്ങൾ നോക്കുക:

വചനത്തോടു കൂട്ടുന്നവർ:

സ്നാനപ്പെടാൻ തയ്യാറാകുന്നവരെ കുറെക്കാലം നിരീക്ഷിക്കണമെന്നും ആഭരണം ഊരണമെന്നുമുള്ള നിർദ്ദേശങ്ങൾ വയ്ക്കുന്നവർ വചനത്തോടു കൂട്ടുചേർക്കുന്നവരാണ്.

വചനത്തിൽനിന്നും കുറയ്ക്കുന്നവർ:

വിശ്വസിക്കാൻ പ്രായമാകാത്ത കുഞ്ഞുങ്ങളെ സ്നാനപ്പെടുത്താം എന്നു പറയുന്നവർ വചനത്തിൽനിന്നും കുറയ്ക്കുന്നവരാണ്. പുകഴ്പെറ്റ തിയോളജിയന്മാരായ ജോൺകാൽവിൻ, ജെ.എൻ.ഡാർബി എന്നിവർക്കെല്ലാം ഈ തെറ്റ് പറ്റിയിട്ടുണ്ട് എന്നത് ആശ്ചര്യം തന്നെ!

വചനത്തിൽ തിരുത്തൽ വരുത്തുന്നവർ:

'വിശ്വസിച്ചുസ്നാനപ്പെടുക' എന്നു ബൈബിൾ പറയുമ്പോൾ ഇക്കൂട്ടർ അത് തിരുത്തി 'രക്ഷിക്കപ്പെട്ടു സ്നാനപ്പെടുക' എന്നാക്കി.

വചനത്തിനു നേരെ വിപരീതം ചെയ്യുന്നവർ:

എന്താണോ വചനത്തിൽ പറഞ്ഞിട്ടുള്ളത്, അതിന്റെ നേരെ എതിരായിട്ടുള്ളത് ചെയ്യുന്നവരെയും നമുക്കു കാണാൻ കഴിയും. അന്യഭാഷ പറയുന്നതിന്റെ ക്രമം വചനത്തിൽ കൊടുത്തിട്ടുള്ളത് ഇപ്രകാരമാണ്. (1) രണ്ടോ മൂന്നോ പേർ സംസാരിക്കുക, (2) ഓരോരുത്തനായി സംസാരിക്കുക, (3) വ്യാഖ്യാനിക്കുക, (4) വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷ പറയാതിരിക്കുക. പക്ഷേ, അന്യഭാഷ പറയുന്നു എന്നു അവകാശപ്പെടുന്നവർ ഇപ്പറഞ്ഞവയുടെയെല്ലാം നേർവിപരീതമാണ് ചെയ്യുന്നത്.

ന്യായപ്രമാണം അയഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ, ന്യായപ്രമാണത്തെ തളർത്തിയിരിക്കുന്നു, മരവിപ്പിച്ചിരിക്കുന്നു, ക്ഷീണിപ്പിച്ചിരിക്കുന്നു എന്നെല്ലാം അർത്ഥമെടുക്കാം. ഓരോരോ ന്യായങ്ങൾ പറഞ്ഞ് വചനത്തെ മരവിപ്പിച്ചു നിർത്തുന്ന അവസ്ഥ ദൈവജനം മാറ്റേണ്ടിയിരിക്കുന്നു.

യിസ്രായേൽരാജാവായിരുന്ന ശൗലിന്റെ ജീവിതത്തിൽ ഓരോരോ ന്യായങ്ങൾ പറഞ്ഞ് ദൈവവചനത്തെ ദുർബ്ബലമാക്കിയ രണ്ടു അവസരങ്ങളെങ്കിലും ഉണ്ടായി. ഒന്ന്, ശൗൽ തിരക്കിട്ട് ഹോമയാഗം കഴിച്ചു. ശൗലിന് അതിനു ന്യായം പറയാനുണ്ടായിരുന്നു (1 ശമൂവേൽ 13:11,12). പക്ഷേ ആ ന്യായം ദൈവം അംഗീകരിച്ചില്ല (1 ശമൂവേൽ 13:13). രണ്ട്, ശപഥാർപ്പിതമായി നശിപ്പിക്കണമെന്നു പറഞ്ഞിട്ടും ശൗൽ നല്ല ചില നാൽക്കാലികളെ സൂക്ഷിച്ചു. അതിനും ശൗലിന് ന്യായം പറയാനുണ്ടായിരുന്നു (1 ശമൂവേൽ 15: 19-21). പക്ഷേ ദൈവം അംഗീകരിച്ചില്ല (15:22,23). തർശീശിലേക്ക് ഓടിപ്പോയതിന് യോനയ്ക്ക് പറയാൻ ന്യായമുണ്ടായിരുന്നു. പക്ഷേ ദൈവം അത് അംഗീകരിച്ചില്ല.

നമ്മുടെ മുടന്തൻന്യായങ്ങൾ കൊണ്ട് ദൈവവചനത്തെ ദുർബ്ബലമാക്കരുത്. നമ്മുടെ പാരമ്പര്യങ്ങൾ, നമ്മുടെ വ്യക്തിതാത്പര്യങ്ങൾ എന്നിവകൊണ്ടൊന്നും ദൈവവചനത്തെ ദുർബ്ബലമാക്കരുത്.

**2. ന്യായം ഒരുനാളും വെളിപ്പെട്ടുവരുന്നില്ല**

ഹബക്കൂക് പ്രവാചകൻ പറയുന്ന അടുത്ത പ്രശ്നം ന്യായത്തെക്കുറിച്ചാണ്. ന്യായം ഇല്ല. രണ്ടു പേർ തമ്മിലുള്ള തർക്കത്തിൽ ന്യായം ആരുടെ ഭാഗത്താണോ അവന് അതു ലഭിക്കുന്നില്ല. അനീതിയുള്ളവൻ ജയിക്കുന്നു. ന്യായത്തിന്റെ ഭാഗം തോൽക്കുന്നു.

നമ്മുടെ ഭാഗത്ത് ന്യായമുണ്ടായിട്ടും നാം തോറ്റുപോയ നിരവധി സന്ദർഭങ്ങളില്ലേ? നമുക്ക് ന്യായം കിട്ടാതെ പോയ എത്രയോ സന്ദർഭങ്ങൾ! സഭയിൽനിന്നുപോലും അത്തരം സന്ദർഭങ്ങൾ നമുക്കുണ്ടായിരിക്കാം. ന്യായം ഇല്ലാത്ത ഒരു സമൂഹത്തിലോ സഭയിലോ ജീവിക്കുന്നത് തീർത്തും ദുഷ്കരമാണ്. പോലീസ് സ്റ്റേഷൻ, കോടതി ഇവിടെനിന്നെല്ലാം എത്ര പേർക്ക് ന്യായം കിട്ടുന്നുണ്ട്? ഹബക്കൂക്പ്രവാചകന്റെ കാലത്തെ അവസ്ഥ ഇന്നും തുടരുന്നു.

**3. ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു**

നീതിമാൻ തോൽക്കുകയും ദുഷ്ടൻ വിജയിക്കുകയും ചെയ്യുന്നു. നാബോത്തിനെ വളഞ്ഞ് കല്ലെറിഞ്ഞുകൊന്ന കാര്യം നാം പഴയനിയമത്തിൽ വായിക്കുന്നുണ്ടല്ലോ. ദുഷ്ടന്മാരാണ് നീതിമാനായ നാബോത്തിനെ വളഞ്ഞത്. ഇക്കാലത്ത് ഉത്തരേന്ത്യയിലും മറ്റും കടുത്ത മനുഷ്യാവകാശലംഘനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലും പലപ്പോഴും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. ബാലാവകാശകമ്മീഷൻ, വനിതാകമ്മീഷൻ എന്നിവയുടെയൊക്കെ തലപ്പത്ത് രാഷ്ട്രീയപാർട്ടികളിലെ ആളുകളാണ്. അവരുടെ പാർട്ടിയിൽപ്പെട്ട ബാലന്മാരുടെയും വനിതകളുടെയും അവകാശങ്ങൾ സംരക്ഷിക്കുക എന്നതു മാത്രമാണ് പലപ്പോഴും സംഭവിക്കുന്നത്. പാർട്ടിയിലുള്ളവർ പ്രതികളാകുമ്പോൾ ഈ കമ്മീഷനൊക്കെ വെറും നോക്കുകുത്തിയായി കാണപ്പെടുകയേയുള്ളൂ.

**4. ന്യായം വക്രതയായി വെളിപ്പെട്ടുവരുന്നു**

...wrong judgment proceedeth. അതായത്, തെറ്റായ വിധിന്യായം ഉണ്ടാകുന്നു. നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു.

ഹബക്കൂക്പ്രവാചകൻ എങ്ങനെയുള്ള സമൂഹത്തിൽ ജീവിച്ചു എന്നാണ് നാം ഇത്രനേരം ചിന്തിച്ചത്. ദൈവവചനത്തിനു സ്ഥാനമില്ലാത്ത, ന്യായമില്ലാത്ത, ദുഷ്ടന്മാർ വിജയിക്കുന്ന, തെറ്റായ വിധിന്യായങ്ങൾ പുറപ്പെടുവിക്കുന്ന ഒരു സമൂഹത്തിലാണ് പ്രവാചകൻ ജീവിച്ചത്. ഇന്നത്തെ സമൂഹത്തിനും കാര്യമായ മാറ്റമൊന്നുമില്ല. ദൈവത്തിലാശ്രയിച്ച് പ്രവാചകൻ തന്റെ ജീവിതം തികച്ചു.

പ്രിയ ദൈവജനമേ, നമുക്ക് പ്രാർത്ഥനയോടെ മുന്നേറാം. ദൈവവചനത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നേറാം. നമുക്കു ചുറ്റുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ അധഃപതിച്ചതാണ് എന്നു കണ്ട് നാം നിരാശപ്പെടരുത്. ന്യായവും നീതിയും കിട്ടാതെ നാം വലയുമ്പോൾ സങ്കടപ്പെടേണ്ടതില്ല. നമ്മുടെ ദൈവം എല്ലാം കാണുന്നു, അറിയുന്നു എന്നു മനസ്സിലാക്കി ധൈര്യപ്പെടുക.

**(തുടരും)**

# വിപത്ത്

ചെറുകഥ

## -എംവിഎസ്-

ഹോ.. വീട്ടിലെത്തി. ഇന്നു വല്ലാത്ത ക്ഷീണം. ഇന്നു കുറെ വീടുകൾ കയറിയിറങ്ങി. ആരും ഇരിക്കാൻ പറഞ്ഞില്ല.

സുവിശേഷകനായ ബ്രദർ ഡാനിയൽ മനസ്സിൽ പറഞ്ഞു.

സുവിശേഷം അറിയിക്കാൻ കൂട്ടുസഹോദരങ്ങളോടുകൂടി പോവുക പതിവാണ്. ചിലർ കയറിയിരിക്കാൻ പറയും. അപ്പോൾ ഒരു ആശ്വാസമാണ്.

ഇന്ന് ഒരു ആത്മാവിനെപ്പോലും നേടാനും കഴിഞ്ഞില്ല. അതു നിമിത്തം കൂടിയായിരിക്കാം ഇത്രയും ക്ഷീണം.

ങാ... സാരമില്ല. ഭാര്യ ഒരുക്കിയ ഭക്ഷണം കഴിക്കണം. അതു കഴിഞ്ഞ് ഒന്നു വിശ്രമിക്കണം.

"ഇന്ന് വരണ്ട ഭൂമിയാണ് കിട്ടിയത് അല്ലേ?" ഭാര്യയുടെ പുഞ്ചിരിയോടെയുള്ള ചോദ്യം.

''ഊം...'' എന്നു മൂളിക്കൊണ്ട് അയാൾ വിളറിയ ചിരി ചിരിച്ചു.

ഭാര്യ തയ്യാറാക്കിയ ലഘുഭക്ഷണവും കഴിച്ച്, അയാൾ കിടന്നു. കിടന്ന പാടേ ഉറങ്ങുകയും ചെയ്തു.

അപ്പോഴാണ് കോളിങ്ബെൽ ആരോ അടിച്ചത്. ശബ്ദം കേട്ട് അയാൾ ഞെട്ടിയെഴുന്നേറ്റു.

ഭാര്യ കതകിന്നടുത്തേക്ക് പോകുന്നത് അയാൾ ആകാംക്ഷയോടെ നോക്കി കിടന്നു.

"അയ്യോ!" കതകു തുറന്നയുടനെ ഭാര്യയുടെ വായിൽനിന്നും പുറപ്പെട്ട ശബ്ദം കേട്ട് ഡാനിയേൽ ചാടിയെഴുന്നേറ്റു.

''എന്താണ്?'' എന്നു ചോദിച്ച് അയാൾ ഓടിച്ചെന്നു.

ആ കാഴ്ച കണ്ട് ഡാനിയേലിന് തന്റെ കയ്യും കാലും തളരുന്നതുപോലെ തോന്നി.

ഡാനിയേലിന്റെ മകൻ പീറ്റർ ഒരു ഹിന്ദുയുവതിയെയും കൊണ്ട് വന്നിരിക്കുന്നു!

"ഇത് മീര. ഞങ്ങൾ ഇരുവരും ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചു." പീറ്റർ ഉറച്ച സ്വരത്തിൽ പറഞ്ഞു.

ഡാനിയേൽ ആകെ മരവിച്ചവനായി നിൽക്കുമ്പോൾ ഭാര്യ ചോദിച്ചു: "ഇവൾ രക്ഷിക്കപ്പെട്ടതാണോ?"

അവന്റെ മറുപടി കേൾക്കാനായി ഡാനിയേൽ ചെവി കൂർപ്പിച്ചു.

"അല്ല"

തന്റെ ഹൃദയം പിളരുന്നതുപോലെ ഡാനിയേലിനു തോന്നി. തല കുനിച്ച് അയാൾ അകത്തേക്ക് നടന്നു. പീറ്ററും മീരയും പിന്നാലെ അകത്തേക്കു കയറി.

ഡാനിയേൽ വീണ്ടും ചെന്നു കിടന്നു. തന്റെ നെഞ്ചിടിപ്പിന്റെ വേഗം അയാൾ ശ്രദ്ധിച്ചു. ഹൃദയം പൊട്ടി താൻ മരിക്കുമോ എന്നു അയാൾ ഭയപ്പെട്ടു.

ചെറുപ്പം മുതലേ അവനെ ഭക്തിയോടെ വളർത്തിയതാണ്. വാക്യങ്ങൾ പഠിപ്പിച്ചു. സൺഡേസ്കൂളിൽ അവനെ ഉത്സാഹത്തോടെ പറഞ്ഞയച്ചു. നല്ല വിദ്യാഭ്യാസം കൊടുത്തു.

ദാനിയേലിന്റെ ഉള്ളം നിന്നു കത്തുകയാണ്.

എന്നും കുടുംബപ്രാർത്ഥന ഉണ്ടായിരുന്നു. സഭായോഗങ്ങളോ മറ്റു പ്രാർത്ഥനാമീറ്റിംഗുകളോ ഒന്നും മുടക്കാറില്ലായിരുന്നു. എല്ലാ മീറ്റിംഗുകൾക്കും കുടുംബമായി പങ്കെടുക്കുന്നത് മാതൃകയാണെന്നു പറഞ്ഞ് പലരും തങ്ങളെ പ്രശംസിക്കുമായിരുന്നു.

ദാനിയേലിനു തന്റെ നെഞ്ച് വെന്തു നീറുന്നതുപോലെ തോന്നി.

എല്ലാം അവസാനിച്ചു.

സുവിശേഷകനായ ദാനിയേലിന്റെ മകൻ ഒരു അവിശ്വാസിയെ പ്രേമിച്ചു, വീട്ടിലേക്ക് കൂട്ടികൊണ്ടുവന്നിരിക്കുന്നു! ഈ വാർത്തയാണ് ഇനി നാട്ടിൽ പരക്കുവാൻ പോകുന്നത്.

നാടു മുഴുവൻ നന്നാക്കാൻ നടന്നിട്ട് സ്വന്തം മോനെ നന്നാക്കാൻ കഴിയാത്തവൻ...

തനിക്കു നേരെ ഉയരാവുന്ന ആദ്യത്തെ വിമർശനം ഇതായിരിക്കും. ഡാനിയേലിന്റെ കണ്ണുനിറഞ്ഞു.

പ്രേമക്കുരുക്കിൽപ്പെട്ട ചില കൗമാരക്കാരെ അയാൾ ശാസിച്ചിരുന്നു. അവർ അതിനു പകരംവീട്ടുന്ന വിധം ഇനി പ്രതികരിക്കും.

നാളെ എങ്ങനെ പുറത്തിറങ്ങും? ആളുകളുടെ മുഖത്ത് എങ്ങനെ നോക്കും? ഇനി സുവിശേഷം പറയാൻ എങ്ങനെ പോകും? വചനം എങ്ങനെ ശുശ്രൂഷിക്കും?

ഓർക്കുന്തോറും തന്റെ ശരീരം തളർന്നു മരവിക്കുന്നതുപോലെ ഡാനിയേലിനു തോന്നി.

oooooooooooooooooooo

മൊബൈൽ ശബ്ദിച്ചു. ഡാനിയേൽ അതെടുത്തു. സഭയിലെ പ്രായമുള്ള അപ്പച്ചനാണ് അപ്പുറത്ത്.

''ഹലോ...'' ഡാനിയേലിന്റെ ശബ്ദത്തിനു വിറയലുണ്ടായിരുന്നു.

മറുപുറത്തുനിന്നും ശാന്തമായ സ്വരം. "ഡാനിയേലേ എല്ലാം ഞാൻ അറിഞ്ഞു. സാരമില്ല. എല്ലാ സുവിശേഷകന്മാരുടെയും വീട്ടിൽ ഇങ്ങനെ സംഭവിക്കാറുണ്ട്. ഒരെണ്ണത്തിന്റെ തല തിരിയും."

ഡാനിയേൽ ഒന്നും പറഞ്ഞില്ല. അപ്പച്ചൻ തുടർന്നു: "എല്ലായിടത്തും ഇതു തന്നെയാണ് സ്ഥിതി. ഏതു സുവിശേഷകന്മാരുടെ വീട്ടിലും നോക്കിക്കോ. ഒന്നുകിൽ ഒരു പ്രേമം, അല്ലെങ്കിൽ കഞ്ചാവ്, കള്ള്... തല തെറിച്ച ഒരെണ്ണം ഉറപ്പാണ്. പിശാചിന്റെ ഒരു പകവീട്ടലാണ് അത്."

"എന്തുകൊണ്ടാണ് ഇങ്ങനെ?'' ഡാനിയേൽ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

"ഞാൻ പറഞ്ഞില്ലേ? പിശാചിന്റെ പകരം വീട്ടലാണ് അത്."

"എന്തുകൊണ്ടാണ് ദൈവം അതു തടുക്കാത്തത്?'' ഡാനിയേലിന്റെ ശബ്ദത്തിന് കനം വച്ചിരുന്നു.

അപ്പച്ചൻ മൗനം പാലിച്ചു.

"എന്തുകൊണ്ടാണ് ദൈവം അത് തടുക്കാത്തത്?" ഡാനിയേൽ ചോദ്യം ആവർത്തിച്ചു.

''എനിക്കറിയില്ല. ദൈവത്തിനു എന്തെങ്കിലും ഉദ്ദേശ്യം ഉണ്ടായിരിക്കും.'' എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതി എന്നപോലെയായിരുന്നു അപ്പച്ചന്റെ മറുപടി.

''ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല എന്ന വചനം തെറ്റാണെന്നു തെളിഞ്ഞിരിക്കയാണ് അപ്പച്ചാ..." ഡാനിയേൽ ഒരു തേങ്ങലോടെയാണ് അത് പറഞ്ഞത്.

''ഞങ്ങൾ ചെറുപ്പം മുതലേ അവനെ ആത്മീയമാർഗ്ഗത്തിലാണ് വളർത്തിയത്. ശാസിക്കേണ്ടിടത്ത് ശാസിച്ചിരുന്നു. ശിക്ഷിക്കേണ്ടിടത്ത് ശിക്ഷിച്ചിരുന്നു. അവനെ ഉപദേശിച്ചിരുന്നു. സ്നേഹിച്ചിരുന്നു. പിന്നെ എന്താ ഇങ്ങനെ അവന്റെ തല തിരിഞ്ഞത്?" ഡാനിയേൽ ചോദിച്ചു.

"ഒരു നാളിൽ അവൻ തിരിച്ചുവരും. ചെറുപ്പത്തിൽ അവനെ പഠിപ്പിച്ചതൊന്നും വെറുതെയാവില്ല. ദൈവവചനത്തിന് തെറ്റു പറ്റില്ല. അവൻ തിരിച്ചുവരും. നമുക്കു അവനും ആ പെൺകുട്ടിക്കുംവേണ്ടി പ്രാർത്ഥിക്കാം"

ഇതു പറഞ്ഞതിനുശേഷം, "ഞാൻ പിന്നെ വിളിക്കാം" എന്നും പറഞ്ഞ് അപ്പച്ചൻ ഫോൺ കട്ട് ചെയ്തു.

ഡാനിയേലിന് തന്റെ തല കറങ്ങുന്നതുപോലെ തോന്നി. ഭാര്യ അയാളുടെ അടുത്തു വന്നിരുന്നു. രണ്ടുപേരും കുറെ നേരം കരഞ്ഞു. ആർക്കും ആരെയും ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല.

രാത്രിയായി. ഡാനിയേൽ കിടക്കുകയാണെങ്കിലും കണ്ണിൽനിന്നും അപ്പോഴും ജലകണികകൾ കവിളിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു.

നേരം വെളുക്കാതിരുന്നെങ്കിൽ എന്നു അയാൾ ആത്മാർത്ഥമായും ആഗ്രഹിച്ചു.

ഈ രാത്രി വല്ല ഹൃദയസ്തംഭനം മൂലമോ മറ്റോ മരിച്ചിരുന്നെങ്കിൽ എന്നു അയാൾ ആഗ്രഹിച്ചു.

പരാജയപ്പെട്ട ഒരു സുവിശേഷകനാണ് താനെന്ന് അയാൾ സ്വയം പറഞ്ഞു. സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും എന്ന വാക്യം തന്നെ തുറിച്ചുനോക്കുന്നപോലെ അയാൾക്കു തോന്നി.

അയാൾ ''ദൈവമേ'' എന്നു വിളിച്ചു കരഞ്ഞു. അയാളുടെ ഭാര്യയും വിതുമ്പിക്കരഞ്ഞു. കരഞ്ഞു തളർന്നു അയാൾ ഉറങ്ങി.

ആർത്തിരമ്പുന്ന കടൽത്തിരകൾ... ആ തിരകളെ ചവിട്ടിയൊതുക്കി ആരോ നടന്നുവരുന്നു. "എന്റെ കർത്താവ്" എന്നു അയാൾ ഉറക്കത്തിൽ വിളിച്ചുകൂവി.

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

20

## തട്ടുത്തരം പറയുന്ന യേശു!

ബൈബിൾവായന കഴിഞ്ഞപ്പോൾ കൊച്ചുണ്ണിബ്രദർ പതിവുപോലെ അസംതൃപ്തനായിരുന്നു. മുഖം കേറ്റിപ്പിടിച്ചുള്ള ആ വരവ് കണ്ടപ്പോൾ തന്നെ ഇട്ടിയപ്പച്ചന് കാര്യം മനസ്സിലായി. സമീപത്ത് ഇരുന്നിരുന്ന മൂപ്പനോട് കാര്യം പറയുകയും ചെയ്തു. മൂപ്പൻ ചിരിച്ചു.

''ഇന്ന് ബൈബിൾ വായിച്ചിട്ട് എന്താ ഉണ്ടായേ കൊച്ചുണ്ണ്യേ?'' ഇട്ടിയപ്പച്ചൻ ചോദിച്ചു.

കൊച്ചുണ്ണി ഒന്നും മിണ്ടിയില്ല. എവിട്ന്ന് തുടങ്ങണം എങ്ങനെ തുടങ്ങണം എന്നു ആലോചിച്ചു നിന്നതാവണം. പക്ഷേ അപ്പോഴേക്കും ഇട്ടിയപ്പച്ചൻ കേറിയങ്ങ് കൊത്തി.

"ഞങ്ങളെല്ലാവരും ബൈബിൾ വായിച്ചാൽ സന്തോഷവും ആത്മിക വർദ്ധനവും ആണ് ഉണ്ടാകുന്നത്. പക്ഷേ കൊച്ചുണ്ണി ബൈബിള് വായിച്ചാൽ അങ്ങനെയല്ല. അല്ലേ മൂപ്പാ?''

ഇതും പറഞ്ഞ് ഇട്ടിയപ്പച്ചൻ നന്നായി കുലുങ്ങി ചിരിച്ചു.

ഇട്ടിയപ്പച്ചൻ ചൊറിഞ്ഞത് കൊച്ചുണ്ണിക്ക് ഇഷ്ടപ്പെട്ടില്ല. കൊച്ചുണ്ണിയുടെ കൗണ്ടർ ഉടനെ വന്നു:

''ഓ ഇട്ടിയപ്പച്ചൻ ചിരിക്കുന്നതാണോ ഇത്? ഞാൻ വിചാരിച്ചു വല്ല ഭൂമികുലുക്കവും ആണെന്ന്!"

സ്വിച്ച് ഇട്ടതുപോലെ ഇട്ടിയപ്പച്ചന്റെ കുലുക്കവും ചിരിയും നിന്നു. തെല്ലു ജാള്യതയോടെ മൂപ്പനെ നോക്കുകയും ചെയ്തു. ഞാൻ ഈ നാട്ടുകാരനല്ല എന്ന ഭാവത്തിൽ മൂപ്പനും നിന്നു.

"ഞാൻ ഇന്നു വായിച്ചത് യോഹന്നാന്റെ സുവിശേഷം അവസാനത്തെ അദ്ധ്യായമാണ്..."

കൊച്ചുണ്ണിബ്രദർ തന്റെ പ്രശ്നം പറഞ്ഞുതുടങ്ങി. മൂപ്പനും ഇട്ടിയപ്പച്ചനും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

"...പത്രൊസ് യോഹന്നാനെക്കുറിച്ച് ഇവന് എന്തു ഭവിക്കും എന്നു കർത്താവിനോടു ചോദിച്ചു. അപ്പോൾ കർത്താവ് പറഞ്ഞ മറുപടി എനിക്ക് അത്ര ഇഷ്ടപ്പെട്ടില്ല."

ഇട്ടിയപ്പച്ചന്റെ പുരികം നിവർന്നു. കണ്ണുകൾ വികസിച്ചു. വായ് താനേ തുറക്കുകയും ചെയ്തു. ഇതൊന്നും ശ്രദ്ധിക്കാതെ കൊച്ചുണ്ണിബ്രദർ തുടർന്നു:

"...ഞാൻ വരുവോളം ഇവൻ ഇരിക്കണമെന്നു എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അതു നിനക്ക് എന്ത് എന്നാണ് കർത്താവ് പറഞ്ഞത്. ഇത് ശരിയായ ഉത്തരമാണോ? തട്ടുത്തരമല്ലേ?"

ഇട്ടിയപ്പച്ചൻ തല ചൊറിഞ്ഞു. മൂപ്പൻ പുഞ്ചിരി തൂകി നിന്നു.

"എന്താ മൂപ്പന്റെ അഭിപ്രായം?" കൊച്ചുണ്ണിബ്രദറിന്റെ ഈ ചോദ്യം കേട്ടപ്പോൾ ഇട്ടിയപ്പച്ചൻ മൂപ്പനെ ആകാംക്ഷയോടെ നോക്കി.

''കൊച്ചുണ്ണിസഹോദരാ, ആ ഭാഗത്ത് കർത്താവ് തട്ടുത്തരം പറഞ്ഞതല്ല, പത്രോസിനെ ഒന്നു താക്കീത് ചെയ്തതാണ്."

മൂപ്പൻ ഇത്രയും പറഞ്ഞപ്പോഴേക്കും കൊച്ചുണ്ണിബ്രദർ ചോദിച്ചു.

''എന്തിന്? എന്തിന് പത്രോസിനെ താക്കീത് ചെയ്യണം? അതിനു മാത്രം പത്രോസ് എന്തു തെറ്റാണ് അവിടെ ചെയ്തത്?"

"ഹാ! ഞാൻ പറയട്ടെ. ബ്രദറേ, ശാന്തനാകൂ. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ."

കൊച്ചുണ്ണി "ഊം" എന്നു മൂളി.

മൂപ്പൻ തുടർന്നു: "പത്രോസിന് ഭാവിയിൽ എന്തു സംഭവിക്കും എന്നു കർത്താവ് പറഞ്ഞപ്പോൾ, യോഹന്നാന്റെ ഭാവി കൂടി അറിയാൻ പത്രോസിനു ആകാംക്ഷ. ഇത്തരം ആകാംക്ഷകൾ ഒഴിവാക്കി നീ എന്നെ അനുഗമിക്ക എന്നാണ് കർത്താവ് പറഞ്ഞത്."

''പത്രോസ് വയസ്സനായതിനു ശേഷം മാത്രമേ മരിക്കൂ എന്നാണ് കർത്താവ് വ്യക്തമാക്കിയത്. യോഹന്നാനും അതുപോലെ കുറെ കാലം ജീവിക്കുമോ എന്നറിയാൻ പത്രോസിനു ആകാംക്ഷ."

"യോഹന്നാന്റെ കാര്യം നീ അറിയേണ്ട ആവശ്യമില്ലെന്നും നീ എന്നെ അനുമിക്കുകയാണ് വേണ്ടതെന്നും യേശു സൂചിപ്പിച്ചു."

"അതാണ് ഞാൻ ആദ്യം പറഞ്ഞത്. യേശു തട്ടുത്തരം പറഞ്ഞതല്ല, താക്കീത് ചെയ്തതാണ് എന്ന്."

''ആവശ്യമില്ലാത്ത കാര്യങ്ങൾ അറിയാൻ വല്ലാത്ത ആകാംക്ഷ കാണിക്കുന്ന ഏവർക്കുമുള്ള താക്കീതാണ് ഇത്. ബൈബിൾ വെളിപ്പെടുത്താത്ത കാര്യങ്ങളെക്കുറിച്ച് അനാവശ്യമായ ഉത്കണ്ഠ വച്ചുപുലർത്തുന്നവരുണ്ട്. അവരെല്ലാം യേശുവിന്റെ ഈ താക്കീത് ശ്രദ്ധിക്കട്ടെ."

മൂപ്പന്റെ ഈ വിശദീകരണം കേട്ടപ്പോൾ ഇട്ടിയപ്പച്ചന്റെ മുഖം പ്രസന്നമായി. പക്ഷേ കൊച്ചുണ്ണിബ്രദറിന്റെ മുഖത്തെ കാർമഘങ്ങൾക്ക് ഒന്നുകൂടി കനം വയ്ക്കുകയാണുണ്ടായത്.

''യേശുവിന്റെ ഇത്തരം ഭാഷാശൈലിക്ക് ഞങ്ങളുടെ നാട്ടിലൊക്കെ തട്ടുത്തരം അല്ലെങ്കിൽ തർക്കുത്തരം എന്നാണ് പറയുക."

കൊച്ചുണ്ണിബ്രദറിന്റെ പ്രതിഷേധം. ഇത്രയും പറഞ്ഞ് അദ്ദേഹം അവിടെനിന്നും പോയി.

"പാവം!" എന്നും പറഞ്ഞ് ഇട്ടിയപ്പച്ചൻ താടിക്കു കൈവച്ചു ഇരുന്നു.

തന്റെ മറുപടിയിൽ തൃപ്തിയില്ലാതെ പോകുന്ന കൊച്ചുണ്ണിസഹോദരനെ നോക്കി മൂപ്പൻ നെടുവീർപ്പിട്ടു. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th May 2022

Posted at
Thrissur RMS

**ആനുകാലികം**

## ഇരുട്ടിലേക്ക് രാജ്യം!

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ എട്ടു മണിക്കൂർ വരെ വൈദ്യുതി മുടക്കം. കനത്ത ചൂടിൽ വൈദ്യുതി ഉപയോഗം കുതിച്ചുയരുകയും കൽക്കരിക്ഷാമം രൂക്ഷമാകുകയും ചെയ്തതോടെ രാജ്യത്ത് വൻ ഊർജ്ജപ്രതിസന്ധി.

ഹരിയാന, ഡൽഹി, ഉത്തർപ്രദേശ്, പഞ്ചാബ്, ജമ്മു കശ്മീർ, രാജസ്ഥാൻ, ഉത്താരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലാണ് പ്രതിസന്ധി രൂക്ഷം. പലയിടങ്ങളിലും എട്ടു മണിക്കൂറോളം വൈദ്യുതി മുടക്കുന്നു. ഈ സ്ഥിതി തുടർന്നാൽ ഡൽഹി മെട്രോയുടെയും ആശുപത്രികളുടെയും പ്രവർത്തനത്തെ ബാധിച്ചേക്കാം എന്നു വൈദ്യതിമന്ത്രി പറഞ്ഞു.

രാജ്യത്തെ 164 താപനിലയങ്ങളിൽ 100 എണ്ണത്തിലും കൽക്കരിശേഖരം തീർത്തും കുറവാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പക്ഷേ കേരളത്തിൽ സ്ഥിതി ഭേദമാണ്. പരിമിത വൈദ്യുതി നിയന്ത്രണം തുടരും. (പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V